## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5911** **8.7.2013-ൽ മറുപടിക്ക്**

### രാജീവ് ആവാസ് യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | രാജീവ് ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ) | "ചേരിരഹിത ഭാരതം" എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് രാജീവ് ആവാസ് യോജന. ചേരികളിൽ താമസിക്കുന്ന എല്ലാ ആളുകൾക്കും അവരുടെ ജാതി, മതം, രാഷ്ട്രീയം, സാമ്പത്തികം എന്നീ വ്യത്യാസങ്ങളില്ലാതെ പാർപ്പിട സൗകര്യങ്ങളും വിവിധ സാമൂഹിക -ഭൗതിക അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഉറപ്പ് വരുത്തി വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് രാജീവ് ആവാസ് യോജനയുടെ ലക്ഷ്യം. |
| ബി) | കേരളത്തെ ചേരിരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | ഓരോ ചേരിയുടേയും വികസനത്തിനായി പാർപ്പിട സൗകര്യങ്ങൾ, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ, പൊതുസാമൂഹ്യ സൗകര്യങ്ങൾ, ഓരോ വീട്ടിലും പൈപ്പ് വഴിയുള്ള കുടിവെള്ളം, കക്കൂസ്, കുളിമുറി സൗകര്യങ്ങൾ, നഗരാസൂത്രണ വ്യവസ്ഥയിൽ നിർദ്ദേശിച്ച രീതിയിലുള്ള ഹരിതാഭമായ ഇടങ്ങൾ (Green space) എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. |
| സി) | എവിടെയൊക്കെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | സി) & ഡി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കോർപ്പറേഷനുകളിലും, കണ്ണൂർ മുനിസിപ്പാലിറ്റിയിലും അവയുടെ നഗര-പ്രാന്ത പ്രദേശങ്ങളിലുമാണ് രാജീവ് ആവാസ് യോജന പദ്ധതി നടപ്പാക്കുന്നത്. ഈ നഗരങ്ങളിലെ തെരഞ്ഞെടുത്ത ചേരിപ്രദേശങ്ങളുടെ സാമൂഹിക, സാമ്പത്തിക സർവേ ഘട്ടം പൂർത്തിയാക്കി വരുന്നു. |
| ഡി) | എവിടെയൊക്കെ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ